# കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ (CIF) ഉദ്ഘാടനം റിപ്പോർട്ട്

പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ) പദ്ധതിയുടെ ഭാഗമായി, തൃശ്ശൂരിലെ വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവകലാശാലയുടെ (KAU) അഗ്രി ബിസിനസ് ഇൻകുബേറ്ററിൽ സ്ഥാപിച്ച കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ (CIF) ഉദ്ഘാടനം 2025 ഓഗസ്റ്റ് 12ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. ബഹു. റെവന്യൂ & ഭവന മന്ത്രി ശ്രീ. കെ. രാജൻ അധ്യക്ഷനായിരുന്നു.




കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MoFPI) 2.75 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെയാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ നിർമാണം പൂർത്തിയാക്കിയിരിക്കുന്നത്. കേരളത്തിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റി സൗകര്യം പൊതുജനങ്ങൾക്കായി/സംരംഭകർക്കായി ലഭ്യമാക്കിയിരിക്കുന്നത്.






കേരള കാർഷിക സർവകലാശാലയുടെ മേൽനോട്ടത്തിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന് (MoFPI) കീഴിൽ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പിഎംഎഫ്എംഇ പദ്ധതിക്ക് കീഴിൽ 2.75 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സ്ഥാപിച്ചിരിക്കുന്നത്. അരി, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങളും പച്ചക്കറികളും ഉൾപ്പെടെയുള്ള തൃശൂർ മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഭക്ഷ്യ സംസ്കരണ ആവശ്യങ്ങൾ ഇതിലൂടെ നിറവേറ്റപ്പെടും. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷമ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും ഇൻകുബേഷൻ ഫെസിലിറ്റി ലഭ്യമാക്കുന്ന തരത്തിലാണ് കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ പ്രവർത്തനങ്ങൾ സജ്ജമാക്കിയിരികുന്നത്.



8485 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ അത്യാധുനിക കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയിലൂടെ, 600-ലധികം സൂക്ഷ്മ ഭക്ഷ്യ സംരംഭകർക്ക് ആധുനിക യന്ത്രസാമഗ്രികൾ, പരിശീലനം, സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിലൂടെ അവരെ ശാക്തീകരിക്കുന്നതിനും ഉന്നതിയിലേക്ക് ഉയർത്തുന്നതിനും വഴി തുറക്കുന്നു. കൂടാതെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റിയുടെ പൂർത്തീകരണത്തിലൂടെ കേരളത്തിന്റെ ഭക്ഷ്യ സംസ്കരണ മേഖല ശക്തിപ്പെടുന്നതിനോടൊപ്പം അടിസ്ഥാനതല തൊഴിൽ നവീകരണം, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയ്ക്കും കാരണമാകും.

 

കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്റർ പ്രവർത്തന സജ്ജമായതോടെ പ്രാദേശിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സമുന്നതിയിലേക്ക് കുതിച്ചുയരുന്നതിനും സുസ്ഥിര ഉപജീവന അവസരങ്ങൾ സൃഷ്ടിച്ചെടുക്കാനും, കേരളത്തിന്റെ ഭക്ഷ്യ സംസ്കരണത്തിൽ സ്വാശ്രയത്വം എന്ന വിശാലമായ കാഴ്ചപ്പാടിനെ യാഥാർഥ്യമാക്കാനും സാധിക്കും. ഇങ്ങനെ കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF) സെന്ററിൽ നിന്നും ഉത്പാദിപ്പിച്ചു യു.എ.ഇയിലേക്ക് കയറ്റുമതി ചെയ്യുന്ന ഭക്ഷ്യ ഉത്പന്നങ്ങളുടെ ഫ്ളാഗ്ഓഫ് കർമ്മവും ബഹു. വ്യവസായ മന്ത്രി ഈ അവസരത്തിൽ നിർവ്വഹിച്ചു .




ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെബിപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബി. അശോക് ഐ.എ.എസ്, ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്, മാടക്കത്തറ

പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീമതി. ഇന്ദിരാ മോഹനൻ, കെബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ് എസ്., കാർഷിക സർവകലാശാല അഗ്രിക്കൾച്ചർ കോളേജ് ഡീൻ ഡോ. മാണി ചെല്ലപ്പൻ, കാർഷിക സർവകലാശാല അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി ഡോ. കെ.പി.  സുധീർ വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ്, തൃശൂർ ഡിഐഎസി ജനറൽ മാനേജർ ശ്രീമതി. എസ്. ഷീബ, വാർഡ് കൗൺസിലർ ശ്രീ. എം.എസ്. ഷിനോജ്  കെ.എസ്.എസ്.ഐ.എ. സ്റ്റേറ്റ് ട്രഷറർ ശ്രീ. ബി. ജയകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

************************************